**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **09-06-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണം മൂലമുള്ള നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കടലാക്രമണം മൂലമുള്ള നാശനഷ്ടം വർദ്ധിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | കണക്കിലെടുത്തിട്ടുണ്ട്. |
| (ബി) | കടൽക്ഷോഭം കൂടുതലുള്ള ചെല്ലാനം അടക്കമുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; കാലവർഷം രൂക്ഷമാകുന്നതിനു മുൻപ് എന്തൊക്കെ താൽക്കാലിക നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകാമോ; | (ബി) | കടൽ തീരങ്ങളിലെ സംരക്ഷണ ഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പു മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന ഈ സാഹചര്യം മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന സാഹചര്യം മറികടക്കുന്നതിനായി 96.77 കോടി രൂപയുടെ തീരസംരക്ഷണ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മറ്റ് രാജ്യങ്ങളിൽ കടലാക്രമണം നേരിടുന്നതിന് നടപ്പിലാക്കുന്ന മാർഗ്ഗങ്ങൾ ഇവിടെ പ്രായോഗികമാണോ എന്ന കാര്യം പരിശോധിക്കുമോ? | (ഡി) | മറ്റ് രാജ്യങ്ങളിൽ കടലാക്രമണം നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്ക് ശേഷം മാത്രമേ ഇവിടെ പ്രായോഗികമാണോ എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (രൂപ ലക്ഷത്തിൽ) | ജില്ല | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി | 1347.00 | കാസർഗോഡ് | 7 ഗ്രോയിനിൽ 9 എണ്ണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഗ്രോയിൻ –1 – 90% പൂർത്തീകരിച്ചു. ഗ്രോയിൻ –2, 3, 4 & 6 – 80% പൂർത്തീകരിച്ചു |
| 2 | കണ്ണൂർ തലായ് ഫിഷിംഗ് ഹാർബറിലെ അഡീഷണൽ ഗ്രോയിൻ നിർമ്മാണം | 348.00 | കണ്ണൂർ | നിർമ്മാണം പൂർത്തീകരിച്ചു |
| 3 | ചേറ്റുവ ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്തെ ഗ്രോയിൻ നിർമ്മാണം | 686.00 | തൃശ്ശൂർ | ഗ്രോയിൻ – 3 – പൂർത്തീകരണഘട്ടത്തിലാണ് ഗ്രോയിൻ – 1 & 2 നിർമ്മാണം ആരംഭഘട്ടത്തിലാണ്. |
| 4 | കൊല്ലം ബീച്ച് മുതൽ താന്നിവരെയുള്ള തീരസംരക്ഷണ പ്രവൃത്തി | 3508.00 | കൊല്ലം | 8225 എണ്ണം ടെട്രാപോഡ് കാസ്റ്റിംഗിൽ 2400 എണ്ണം പൂർത്തീകരിച്ചു. 23 ഗ്രോയിനിൽ ഗ്രോയിൻ – 8, 9, 10 & 11 – 70% പൂർത്തീകരിച്ചു. ഗ്രോയിൻ – 19, 20 60% പൂർത്തീകരിച്ചു.ഗ്രോയിൻ – 16 & 21 – പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാറയുടെ ലഭ്യത കുറവ് കാരണം നിർമ്മാണ പ്രവർത്തി സാവധാനത്തിലാണ് നിലവിൽ നടക്കുന്നത്. പാറ ലഭ്യമാക്കുന്നതിനെപ്പറ്റി ജില്ലാ കളക്ടറുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു. |
| 5 | മുതലപ്പൊഴി ഫിഷിംഗ് ഹാർബർ– താഴമ്പള്ളി സൈഡ്, കഠിനംകുളം കായലിലെ തീരസംരക്ഷണ പ്രവർത്തി | 1831.00 | തിരുവനന്തപുരം | നിർമ്മാണ പ്രവൃത്തിക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ എസ്റ്റിമേറ്റ് തുകയുടെ 43.90% |

| | | | | |
|---|---|---|---|---|
| | | | | അധികനിരക്കിലാണ് ക്വാട്ട് ചെയ്തത്. നെഗോസിയേഷൻ ചെയ്തപ്പോൾ 39% അധികനിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ സമ്മതം അറിയിച്ചു. ലഭ്യമായ നിരക്ക് LMR നിരക്കിനേക്കാൾ കൂടി നിൽക്കുന്നതിനാൽ കിഫ്ബി ഗൈഡ് ലൈൻ പ്രകാരം പ്രവർത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നത് സർക്കാരാണ്. ആയത് പരിശോധിച്ചു വരുന്നു. |
| 6 | പൂന്തുറ തീരസംരക്ഷണ പ്രവർത്തി | 1957.434 | തിരുവനന്തപുരം | നിർമ്മാണ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ തീരദേശ വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.നിർമ്മാണ പ്രവർത്തി കടൽ ശാന്തമാകുന്നതനുസരിച്ച് ആഗസ്റ്റ് മാസം ആരംഭിക്കുന്നതാണ്. കൂടാതെ ജിയോ ട്യൂബിൻറെ പരിശോധന ഐ.ഐ.റ്റി.യിൽ നടന്നു വരുന്നു. |
| | ആകെ | **9677.434** ലക്ഷം | | |

സെക്ഷൻ ഓഫീസർ